LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാരിന്റെ 1-11-2020-ലെ കത്തിന് മറുപടിയായി 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്ര സർക്കാർ, എഫ്.നമ്പർ 8-31/2020-ഡബ്ല്യൂ.എൽ, തീയതി 10-12-2020-ലെ കത്ത് പ്രകാരം മടക്കി നൽകിയിരുന്നു. ഇതിനെ തുടർന്ന് സംസ്ഥാന സർക്കാർ 17-6-2021-ലെ കത്ത് പ്രകാരം 2011 മുതൽ പഞ്ചായത്തു കളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 11 (1) (b) വകുപ്പ് പ്രകാരമുള്ള നടപടികൾ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ വീണ്ടും കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആയതിനെ തുടർന്ന്, 2011 മുതൽ കാട്ടുപന്നികളുടെ ശല്യം കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളും 6-2-2021-ൽ F.No..8/60/2020-WL(part-I)നമ്പർ അഡ്വൈസറി പ്രകാരം സ്വീകരിച്ച നടപടികളും അറിയിക്കുന്നതിന് 8-7-2021-ലെ F.No.8-31/2020-WL എന്ന കത്ത് മുഖാന്തിരം കേന്ദ്ര സർക്കാർ ആവശ്യപ്പെടുക യുണ്ടായി. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള മറുപടിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് ഉടൻ തന്നെ കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന് നൽകുന്നതാണ്.

**എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം**

27(*87) ശ്രീമതി കെ. കെ. രമ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ത്തിനായി നൽകിവരുന്ന സഹായധനം പര്യാപ്തമല്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ കാണുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും കൂലി വർദ്ധനവും കാരണം ഭവന നിർമ്മാണച്ചെലവ് ഭീമമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകിവരുന്ന ഭവന നിർമ്മാണ ധനസഹായ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ &ബി) 2018-19 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ മുഖാന്തിരമാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതി നടപ്പാക്കിവരുന്നത്. 4 ലക്ഷം രൂപ നിരക്കിലാണ് പട്ടികജാതി വിഭാഗത്തിന് ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നത്. ലൈഫ് മിഷൻ മുഖേന പട്ടികവർഗ്ഗ സങ്കേതങ്ങൾക്കുള്ളിൽ അനുവദിക്കുന്ന വീടുകൾക്ക് 6 ലക്ഷം രൂപ നിരക്കിലും പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പുറത്ത് താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് 4 ലക്ഷം രൂപയുടെ ധനസഹായവും അനുവദിക്കുന്നു. അതീവ ദുർഘട പ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയുടെ 20% അധികവും അനുവദിക്കുന്നുണ്ട്. ഇതിനു പുറമേ ഭവന നിർമ്മാണ പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 90 പ്രവൃത്തി ദിനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഭവന നിർമ്മാണ ധനസഹായം, വർദ്ധിച്ചുവരുന്ന നിർമ്മാണ ചെലവുകൾക്ക് ആനുപാതികമായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുമോ; വിശദമാക്കാമോ ?

നിലവിൽ നവകേരള മിഷന്റെ ഭാഗമായി നടപ്പിലാക്കിയ ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് അനുവദിക്കുന്നത്.

**മുതലപ്പൊഴിയിലെ പുലിമുട്ട് പൊളിച്ചുനീക്കിയ സംഭവം**

28 (*88) ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ) സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബർ നിർമ്മാണത്തിന് പാറ ശേഖരിച്ച് കടൽമാർഗ്ഗം കൊണ്ടുപോകാനുള്ള സൗകര്യങ്ങൾ മുതലപ്പൊഴി കടൽത്തീരത്ത് ഏർപ്പെടുത്താൻ അദാനി കമ്പനിക്ക് സർക്കാർ അനുവാദം നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ?

നൽകിയിരുന്നു.